" ഭരണഭാഷ - മാതൃഭാഷ"

ജി4/43022/2013/കോ.വി.വ

കോളേജ് വിദ്യാഭ്യാസ ഡയറക്ടറുടെ
കാര്യാലയം, തിരുവനന്തപുരം
തീയതി: 22.12.2013

# സർക്കുലർ

സർ,

വിഷയം:- കോളേജ് വിദ്യാഭ്യാസ വകുപ്പ് - വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നടക്കുന്ന അനധികൃത കച്ചവടങ്ങൾ തടയുന്നത് - സംബന്ധിച്ച്.

സൂചന:- 30-10-2013- ലെ സർക്കാർ കത്ത് നം. 26497/കെ1/13/ഉ.വി.വ പ്രകാരം ലഭിച്ച കേരള വ്യാപാരി വ്യവസായി ഏകോപന സമിതിയുടെ പരാതി.

ഈ വകുപ്പിനു കീഴിൽ പ്രവർത്തിക്കുന്ന എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങളിലും അനധികൃത കച്ചവടങ്ങൾ നടക്കുന്നതായി ശ്രദ്ധയിൽ പെട്ടിരിക്കുന്നു. സർക്കാർ വക സ്ഥാപനങ്ങളിൽ സ്വകാര്യ വ്യക്തികൾ അനധികൃതമായി കച്ചവടം നടത്തുന്നത് നിലവിലുള്ള നിയമമനുസരിച്ച് അനുവദിക്കാനാകില്ല. അത്തരം പ്രവർത്തികൾ അനധികൃതമായി കടന്നുകയറ്റത്തിന്റെ പരിധിയിൽ വരുന്ന കുറ്റമാണ്. സർക്കാർ സ്ഥാപനങ്ങളുടെ നടത്തിപ്പിനു ബുദ്ധിമുട്ടും സാമ്പത്തിക നഷ്ടവും ഉണ്ടാക്കുന്ന ഇത്തരം അനധികൃത കച്ചവടങ്ങൾ തടയുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന് സ്ഥാപന മേധാവികളെ ഇതിനാൽ അറിയിച്ചുകൊള്ളുന്നു.

വിശ്വസ്തതയോടെ,

ഒപ്പ്/-
ഡോ.പി.കെ. വേലായുധൻ
കോളേജ് വിദ്യാഭ്യാസ അഡീഷണൽ ഡയറക്ടർ

പകർപ്പ്:- എല്ലാ സ്ഥാപനമേധാവികൾക്കും

//അംഗീകാരത്തോടെ//